മലയാള മനോരമ
12 September 2025

# സിഎംഎഫ്ആർഐയിൽ കടലറിവുകളുടെ ചർച്ച



കൊച്ചി● കാലാവസ്ഥാ പ്രവചനം മുതൽ ബോട്ട് നിർമാണം വരെ സമുദ്ര മത്സ്യമേഖലയിലെ നിർണായക ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത കടലറിവുകൾ കരുത്താകുമെന്നു വിദഗ്ധർ. കാലാവസ്ഥാ പ്രവചന മോഡലിങ്, റിമോട്ട് സെൻസിങ് തുടങ്ങിയ ശാസ്ത്ര സാങ്കേതിക വിദ്യകളുമായി ഇവയെ സംയോജിപ്പിക്കണമെന്നു സിഎംഎഫ്ആർഐയിൽ നടന്ന പാനൽ ചർച്ചയിൽ മത്സ്യമേഖലയിലെ വിദഗ്ധർ അഭിപ്രായപ്പെട്ടു.

ഉരു നിർമാണത്തിലൂടെ ആഗോള ശ്രദ്ധ നേടിയ കേരളത്തിലെ ഖലാസികളുടെ പരമ്പരാഗത വൈദഗ്ധ്യം ബോട്ട് നിർമാണമേഖലയിൽ പ്രയോജനപ്പെടും. ഇവരുടെ സാങ്കേതിക വിദ്യകൾ പഠിക്കാനും രേഖപ്പെടുത്താനും മറൈൻ എൻജിനീയറിങ്ങിൽ പുതിയ സമീപനം ആവശ്യമാണെന്നു പാനൽ ചർച്ച ഉദ്ഘാടനം ചെയ്ത കുഫോസ് വൈസ്ചാൻസലർ ഡോ. എ. ബിജു കുമാർ പറഞ്ഞു.

ഓഷ്യൻ സെന്റേഴ്സ് ഇന്ത്യയും സിഎംഎഫ്ആർഐയും ചേർന്നു സംഘടിപ്പിച്ച പരിപാടിയിൽ ഡോ. സി.എസ്. ഷൈൻകുമാർ, ഡോ. വി.വി.ആർ. സുരേഷ്, രതേഷ് ഝാ, ഡോ. രവി രാജ് ആട്രി, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. എൽ. രമ്യ എന്നിവർ പ്രസംഗിച്ചു. ഫിഷറീസ് ശാസ്ത്രജ്ഞർ, ഷിപ്പിങ്–തുറമുഖ വിദഗ്ധർ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, സംരംഭകർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.